**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6681** **11-11-2021 - ൽ മറുപടിയ്ക്ക്**

**ലെറ്റർ കോഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 07/11/2019 ലെ TRANS A2/406/2019-TRANS എന്ന കത്തിലെ നിർദ്ദേശപ്രകാരം കെ.എസ്.ആർ.ടി.സി. സ്വീകരിച്ച തുടർനടപടികൾ തീയതി സഹിതം അറിയിക്കുമോ; | (എ) | ഭരണ സൗകര്യാർത്ഥം ഡിപ്പോകളുടെ കോഡ് ഏകീകരിക്കുന്നതിന് വേണ്ടിയാണ് എല്ലാ ഡിപ്പോകളുടെയും കോഡ് മൂന്ന് അക്ഷരമാക്കിയത്. കെ.എസ്.ആർ.ടി.സി.യിൽ ഉപയോഗിക്കുന്ന computer programme-കൾ മൂന്ന് അക്ക കോഡ് ഉപയോഗിക്കത്തക്ക വിധത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. ഇതിൽ ഉടനടി മാറ്റം വരുത്തിയാൽ നിലവിൽ ഉപയോഗിക്കുന്ന പ്രോഗ്രാമുകൾ പലതും ഉപയോഗിക്കുവാൻ സാധിക്കാതെ വരും. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകൾ, വർക്ക് ഷോപ്പുകൾ, സെക്ഷനുകൾ എന്നിവയുടെ mail id-കളും മൂന്ന് അക്ഷരത്തിലാണ് തുടങ്ങുന്നത്. ആയതും മാറ്റുന്നത് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനത്തെ താളംതെറ്റിക്കും. ആയതിനാൽ 07.11.2019 തീയതിയിലെ TRANS-A2/406/19-TRANS നമ്പരായ സർക്കാർ കത്തിൽ ആവശ്യപ്പെട്ട പ്രകാരം മാള യൂണിറ്റിന്റെ MLA എന്ന കോഡ് ഒരു യൂണിറ്റിന് വേണ്ടി മാത്രം മാറ്റുവാൻ കഴിയില്ല. |
| (ബി) | മാള ഡിപ്പോയ്ക്ക് നൽകിയിരിക്കുന്ന കോഡ് ഉപയോഗിക്കുന്നതിൽ നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | ഭരണ സൗകര്യാർത്ഥം ഡിപ്പോകളുടെ കോഡ് ഏകീകരിക്കുന്നതിന് വേണ്ടിയാണ് എല്ലാ ഡിപ്പോകളുടെയും കോഡ് മൂന്ന് അക്ഷരമാക്കിയത്. കെ.എസ്.ആർ.ടി.സി.യിൽ ഉപയോഗിക്കുന്ന computer programme-കൾ മൂന്ന് അക്ക കോഡ് ഉപയോഗിക്കത്തക്ക വിധത്തിലാണ് ക്രമീകരിച്ചിട്ടുള്ളത്. ഇതിൽ ഉടനടി മാറ്റം വരുത്തിയാൽ നിലവിൽ ഉപയോഗിക്കുന്ന പ്രോഗ്രാമുകൾ പലതും ഉപയോഗിക്കുവാൻ സാധിക്കാതെ വരും. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഡിപ്പോകൾ, വർക്ക് ഷോപ്പുകൾ, സെക്ഷനുകൾ എന്നിവയുടെ mail id-കളും മൂന്ന് അക്ഷരത്തിലാണ് തുടങ്ങുന്നത്. |

| | | | |
|---|---|---|---|
| | | | ആയതും മാറ്റുന്നത് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനത്തെ താളംതെറ്റിക്കും. ആയതിനാൽ 07.11.2019 തീയതിയിലെ TRANS-A2/406/19-TRANS നമ്പരായ സർക്കാർ കത്തിൽ ആവശ്യപ്പെട്ട പ്രകാരം മാള യൂണിറ്റിന്റെ MLA എന്ന കോഡ് ഒരു യൂണിറ്റിന് വേണ്ടി മാത്രം മാറ്റുവാൻ കഴിയില്ല. |
| (സി) | ഇല്ലെങ്കിൽ മറ്റ് പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങൾ ഈ ലെറ്റർ കോഡുകൾ അവരവരുടെ ആവശ്യാനുസരണം ഉപയോഗിക്കുമ്പോൾ അതിന് മറ്റ് നിയമ തടസ്സങ്ങൾ ഇല്ലെന്ന് ഉറപ്പാക്കാൻ പൊതുഭരണ വകുപ്പിനോടാവശ്യപ്പെടുമോ? | (സി) | ഇക്കാര്യം പൊതുഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ